# ചിമിഴ്

## സ്കൂൾ മാഗസിൻ



EKNS GHSS VENGAD

# ആമുഖം

*2023-24* അധ്യയന വർഷത്തിൽ ഇ.കെ. എൻ. എസ്. ജി. എച്ച്. എസ്. എസ് വേങ്ങാടിലെ വിദ്യാർത്ഥികൾ ഒരുക്കിയ സകൂൾ മാഗസിനാണ് "ചിമിഴ് "

സർഗ്ഗാത്മകത മനുഷ്യമനസ്സിനെ ശുദ്ധീകരിക്കാൻ ഉപകരിക്കുന്നു.

നമ്മുടെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയെ ഉണർത്തിയ രചനകൾ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട അറിവുകൾ കണ്ടെത്തലുകൾ എന്നിവ ഇതിൽ ഉൾക്കൊള്ളുന്നു

ഭാവനാലോകത്തെ നിറം പകരാൻ ഒരു പിടി മുത്തുകൾ ............

സർഗ്ഗാത്മകതയുടെ "ചിമിഴ് " നിങ്ങൾക്കു മുന്നിൽ തുറക്കുന്നു.

ചിമിഴ്, സർഗാത്മകതയുടെ,
അനർഗളമായ
പ്രവാഹമായിത്തീരട്ടെ..... ചിമിഴായി
മാറട്ടെ......
സ്കൂൾ ചിമിഴാവട്ടെ.........

"ചിമിഴ് " പ്രവർത്തകർ

# എഡിറ്റോറിയൽ ബോർഡ്

റിസ ഫാത്തിമ
ഫാത്തിമ
ഇരിയൻകുന്നത്ത്
നിവേദ് കെ ആർ
ജീവ വിനോദ്
ഫാത്തിമത്ത് റബീഹ
അനന്തു കൃഷ്ണ
റസൂൽ
ആദിത്ത് കെ



Nived K R_9C




Fathima Sahala_9 A

# വഴിവിളക്ക്




ഗുരുർബ്രഹ്മ ഗുരുർവിഷ്ണു
ഗുരുർ ദേവോ മഹേശ്വര
ഗുരു സാക്ഷാത്പരബ്രഹ്മ
തസ്മൈ ശ്രീ ഗുരവേ നമഃ
        കാതിൽ നിറഞ്ഞൊരി മന്ത്രം.
        ലോകത്തിൻ മാറ്റൊലീ മന്ത്രം
ഗുരുനിന്ദയാൽ ഉമിത്തീയിൽ
സ്വയം ഉരുകിയ കാലം
കൈവിരൽ അറുത്തു
ഗുരുദക്ഷിണയായി
ആത്മസമർപ്പണം നൽകിയ കാലം
വേദന തിന്നു ഗുരുവിനു
കാവലേകിയ കാലം
        സൂര്യനായി ജ്വലിച്ചു
        ലോകത്തിന് മിഴിവേകിയോരക്കാലം
        മണ്മറഞ്ഞു പോയൊരാകാലം
        മാറിയകാലത്തിൻ  കൂരമ്പുകളേറ്റു
        പിടയുന്ന കാഴ്ചകളായ് മാറിയൊരിക്കാലം
ഗ്രഹണത്തിൽ മങ്ങലേറ്റൊരിക്കാലം
എന്നാലും വഴിവിളക്കായ്
എരിയുന്നു ഇപ്പോഴും
കാലം തീരുവോളം, അണയാതെ
കാവലായ്, കാലത്തിൽ വെളിച്ചമായ്

നിമ പി.പി.
HSTമലയാളം

# കറുത്ത സൂര്യൻ

അച്ചുകുട്ടൻ സൂര്യനുദിക്കാനായി കാത്തിരിക്കുകയാണ്. നാളെ അവന്റെ ജന്മദിനമാണ്. നേരം പുലർന്നവാടെ അച്ചു അടുക്കളയിലേക്ക് ഓടി. അമ്മയെ കണ്ടയുടനെ ചെറുപുഞ്ചിരി തൂകി അമ്മയ്ക്കരികിലേക്ക് ഓടി. അമ്മ സ്നേഹത്തോടെ അവനെ പുണർന്ന് നെറ്റിയിൽ ചുംബിച്ചു. ”എന്റെ പൊന്നുമോന് അമ്മയുടെ ഒരായിരം പിറന്നാൾ ആശസകൾ.” അമ്മ പറഞ്ഞു.

മുഖത്ത് ചെറുചിരിതൂകി അച്ചു അച്ഛനെ അന്വേഷിച്ചു. എന്നിട്ട് അമ്മ ഇങ്ങനെ പറഞ്ഞു.



”അച്ഛൻ പുറത്തുണ്ട് മോനേ” അതുണ്ടേയുടനെ അച്ചു ഉമ്മറത്തേത് ഒടി.

അച്ഛാ..... എന്താ അച്ചു. ”അച്ഛൻ മറന്നോ.” അച്ചൻ എങ്ങനെ മറക്കാനാടാ ? അച്ഛന്റെ പൊന്നുമോന്റെ പിറന്നാൾ.”

അച്ചുവിന് പിറന്നാൾ ആശംസകൾ നേർന്നു കൊണ്ട് അച്ഛൻ ചോദിച്ചു. മോന് എന്തു വേണം ? അവന്റെ കുഞ്ഞുമനസ്സിലെ ആവശ്യങ്ങൾക്ക് പരിമിതി ഉണ്ടായിരുന്നില്ല. അച്ഛന്റെ തല ഒന്ന് കുനിഞ്ഞു എന്നിട്ട് പറഞ്ഞു. മ്..............

” മോൻപോയി കുളിച്ചൊരുങ്ങി അമ്പലത്തിൽ പോയിട്ട് വാ..

”ശരി അച്ഛാ ”

അച്ചു അമ്പലത്തിൽ പോയി നാട്ടുകാരേയും കൂട്ടുകാരെയും എല്ലാം വീട്ടിലേക്ക് ക്ഷണിച്ചു.

അമ്മേ....”

”അമ്മേ ഞാൻ എല്ലാവരെയും വീട്ടിലേക്ക് ക്ഷണിച്ചിട്ടുണ്ട്.

ആണോ നന്നായി ”.

” അമ്മേ അച്ഛൻ എന്തിയേ” ?

” അച്ഛൻ എത്തിയില്ലല്ലോ മോനേ...”

അമ്മ മറുപടി പറഞ്ഞു. നേരം സന്ധ്യയാകാറായി വീട് നിറയെ വിരുന്നുകാർ. അമ്മ പാചകത്തിന്റെ തിരക്കിൽ. അച്ചു കൂട്ടുകാരോടൊത്തുള്ള തിരക്കിലാണ്. എന്നിട്ടും അച്ഛൻ എത്തിയില്ല. അച്ചു അച്ഛനെ അന്വേഷിക്കാൻ തുടങ്ങി. അച്ചു മുറിയിലെ ജനൽ പഴുതിലൂടെ

അച്ഛനെ നോക്കിനിന്നു എങ്ങും അച്ഛന്റെ വിവരമില്ല. സാധനങ്ങൾക്ക് വേണ്ടി ഉമ്മറപ്പടിയിൽ അച്ചു കാത്തു നിൽക്കുകയാണ് കാത്തിരുന്നു അച്ചു മുഷിഞ്ഞു. നേരം ഇരുട്ടി. ആളുകൾ വിവരം തിരക്കാൻ തുടങ്ങി.
അച്ചു മുറിയിലേക്ക് തിരിച്ചുപോയി.
ഏട്ടാ.......
എന്ന അലർച്ച കേട്ട് വിരുന്നുക്കാരുടെ ഇടയിലേക്ക് കയറിച്ചെന്നു. വെള്ളപ്പുതപ്പിൽ അച്ചുവിന്റെ പിറന്നാൾ കൂടാനെത്തിയ അവസാനത്തെ അതിഥി. 'അച്ഛാ' എന്ന് വിളിച്ച് അച്ഛനെ കെട്ടിപ്പിടിച്ച് കരയുകയാണ് അച്ചു. പൊട്ടിക്കരഞ്ഞ് അച്ഛന്റെ മരണത്തിന് സാക്ഷി പറഞ്ഞ് അച്ചു ഉറങ്ങി. പിറന്നാളിന്റെ ആഘോഷവേളയ്ക്കിടയിൽ നൊമ്പരം അച്ചുവിനെ വല്ലാതെ തളർത്തി. ഉറക്കമുണർന്ന് മുറിയിലെ ജനൽ പഴുതിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ അച്ചു കണ്ടത് ആഴക്കടലിലേക്ക് താഴുന്ന കറുത്ത സൂര്യന്റെ നിഴലാണ്. പിന്നീട് അവൻ മാനസികമായി തളർന്നു. ഒരു ഇരുട്ടു മുറിയ്ക്കുള്ളിൽ തളയ്ക്കപ്പെടുകയായിരുന്നു അവന്റെ ജീവിതം. ഒന്നു കൂടെ നോക്കി മനസ്സിൽ അദ്ദേഹത്തിന്റെ രൂപം പതിപ്പിച്ചു. അപ്പോഴേക്കും ഒരു വിളി 'ചേച്ചി...... പെട്ടെന്ന് ഉറക്കത്തിൽ നിന്ന് ഞെട്ടി ജനലിലൂടെ സൂര്യരശ്മി എന്റെ തണ്ണിൽ തട്ടി. അത് സ്വപ്നമായിരുന്നു എന്ന സത്യം ഞാൻ തിരിച്ചറിഞ്ഞു . എനിക്ക് അതുപോലൊരു സാഹിത്യകാരനായ ഒരു കുംടുംബക്കാരൻ ഉണ്ടോ എന്ന ചോദ്യം എന്റെ മനസ്സിൽ തങ്ങി നിന്നു.




റുഗ്മ.കെ 8 C

# THE WINGS OF WONDER

Fluttering wings, so light and free
A butterfly dances, for all to see
Its colours so bright, its beauty so rare
The butterfly flutters without a care
From flower to flower, it gracefully flies
Drinking sweet nectar, under the skies
Its wings a masterpiece, a work of art
The butterfly enchants, right from the start
Oh, butterfly, how you inspire
Your beauty and grace, we all admire
Flutter on, dear butterfly, and never fear
For your beauty and freedom, we all hold dear

Najiya T.P.
10 C




Ridha Fathima
9 A

# फूल



फूल सुंदर है। हमारे राज्य कई तरह के फूलों से संपन्ना है। भारत के प्रथम प्रधानमंत्रि जवहरलाल नेहरू हमेशा अपने कोट पर गुलाब के फूल रखते थे। विभिन्न रंगोवाला फूल होते हैं। लड़कियाँ अपने बाल फूलों से सजाती है। देवताओं की आराधना के लिए फूल का उपयोग होता है। फूल सारे जहाँ सुगंधित करते है।



मिस्वा वि
8 C



# മഴ

ആരവത്തോടെ തിമിർത്ത് പെയ്യുന്ന
മഴയുടെ താളത്തിൽ ചുവടുവയ്ക്കുന്ന
പിഞ്ചോമനകൾ തൻ ആനന്ദം
ഭൂവാകെ നിറയുന്നു
ഭൂമിതൻ മെയ്യിൽ സ്പർശിച്ച്
മഴയും കൂടെ നൃത്തം ചെയ്യുന്നു.
മഴയുടെ പൊലിമ ആസ്വദിക്കുന്ന
ഞാനോർത്തിടുന്നു
ചതിയുടെ പടുകുഴിയിൽ വീഴുന്ന
മഴത്തുള്ളിതൻ രോദനം
ആർത്തിടിപ്പൂ.............
ദു:ഖിതനായൊരു ഭൂമി
പൊട്ടിപ്പിളർന്നങ്ങു
മഹാസങ്കടങ്ങൾ ഒഴുക്കിവിട്ടു.
ഭൂമിയുടെ കണ്ണീരിൽ അലിഞ്ഞുചേർന്നു
പല ജീവനും മണ്ണടിഞ്ഞു.
മഴത്തുള്ളിയായി വന്ന കാലൻ മുഖമന്നു
പുറം തെളിഞ്ഞു.
മഴയുടെ സൗന്ദര്യം കണ്ണ്
മഞ്ഞളിപ്പിച്ചെന്നല്ലാതെ
ജീവനോട് ക്രൂരത കാണിച്ചു.
ഇനി നാം മഴയെ ഭയക്കണോ?.......



രുഗ്മ.കെ 8 C


Friendship
is rainbow
BETWEEN TWO
hearts
sharing seven
COLOURS;
feelings
LOVE
sadness
happiness
truth
FAITH
secrets and
Respect...

Shafna C.P_9 A



# സൗഹൃദം

അന്ന് ഒരു മഴയുള്ള ദിവസമായിരുന്നു. അമ്മു പുതപ്പും പുതച്ച് ഉറങ്ങുകയായിരുന്നു. അമ്മൂ...... അമ്മൂ.... അമ്മയുടെ വിളി കേട്ടാണ് അമ്മു ഉണർന്നത്.
മഴക്കാലമായതുകൊണ്ട് തന്നെ അമ്മുവിന് എഴുന്നേൽക്കാൻ ഭയങ്കര മടിയായിരുന്നു. പിന്നെ അമ്മ വന്നതിന് ശേഷമാണ് അവൾ എഴുന്നേറ്റത്. അമ്മു വേഗം പോയി പല്ല് തേച്ച് ചായ കുടിച്ച് ചിത്രം വരയ്ക്കാൻ തുടങ്ങി. അന്ന് അവധി ദിവസമായതിനാൽ സ്കൂളില്ലായിരുന്നു. അവൾ വരച്ചത് അവളുടെയും അവളുടെ പ്രിയ സുഹൃത്തിന്റെയും ചിത്രമായിരുന്നു. അവൾ ആ ചിത്രം വരച്ചതിനുശേഷം അതിൽ തന്നെ നോക്കിയിരിക്കാൻ തുടങ്ങി. പെട്ടെന്നായിരുന്നു അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ വന്നത്. കാരണം അവളുടെ സുഹൃത്തിനെ കണ്ടിട്ട് വർഷങ്ങളായി. അവൾക്ക് ഏറ്റവും ഇഷ്ടമുള്ള സുഹൃത്തായിരുന്നു. അവൾ ആ ചിത്രം അമ്മയെ കാണിച്ചു. "അമ്മേ അമ്മേ" ഞാനെന്താ വരച്ചതെന്ന് നോക്കു.
അമ്മു അമ്മയുടെ അടുത്തേക്ക് ഓടിപ്പോയി. 'ആഹാ എന്റെ മോൾ വരച്ചതാണോ ഇത്, നല്ല ഭംഗിയുണ്ടല്ലോ....... അമ്മുവിന് അത്കേട്ടപ്പോ വളരെ സന്തോഷമായി. 'മിന്നുവാണോ നിന്റെ അരികിൽ നിൽകുന്നത്. "ആ അമ്മേ അവളാണിത് ". അമ്മുവിന്റെ പ്രിയ സുഹൃത്താണ് മിന്നു. അത്



അവൾ വേഗം പോയി അവളുടെ മുറിയിൽ ഒട്ടിച്ചു. എന്നും എഴുന്നേൽക്കുമ്പോൾ അവൾ ആ ചിത്രത്തെ നോക്കി കരയുമായിരുന്നു. ഒന്ന് മിന്നുവിനെ കാണാൻ കഴിഞ്ഞിരുന്നുവെങ്കിൽ അവൾ ആഗ്രഹിച്ചു.
കുറച്ച് ദിവസങ്ങൾ അങ്ങനെ കടന്ന് പോയി. ഒരു ദിവസം സ്കൂൾ വിട്ട് വന്നതിനുശേഷം അവൾ കണ്ട കാഴ്ച വളരെയധികം അത്ഭുതപ്പെടുത്തുകയും സന്തോഷിപ്പിക്കുകയും ചെയ്തു. അവൾ കണ്ടത് അവളുടെ പ്രിയ സുഹൃത്ത് മിന്നുവിനെയാണ്. അവൾ മിന്നുവിനെ കെട്ടിപ്പിച്ച് കരഞ്ഞു. കുറേ സമയം അവർ മിണ്ടിയും പറഞ്ഞുമിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ മിന്നു പോയി. ദിവസങ്ങൾ കടന്നു പോയി. ഒരു ദിവസം രാവിലെ എഴുന്നേറ്റപ്പോൾ അവളെ സ്വാഗതം ചെയ്തത് ഒരു ദുഃഖ വാർത്തയായിരുന്നു. അവൾക്ക് വിഷമം അടക്കാനായില്ല. അമ്മുവിനെക്കണ്ട് മിന്നു നാട്ടിലേക്ക് മടങ്ങുമ്പോഴാണ് ആ അപകടം. അന്ന് അവൾ കണ്ടത് ചിരിച്ച് നിൽക്കുന്ന മിന്നുവിനെയല്ല. ഒരിക്കലും മറക്കനാവാത്ത അവസാനത്തെ അതിഥിയാണ് മിന്നു.

വൈഗ വി എം VIII B



# चिड़िया





मेरी प्यारी चिड़िया
मेरी नन्ही चिड़िया
बहुत सुन्दर चिडिया
चिडिया. . . . . . . . . . . . .
तेरी सुन्दर पगड़ी
तेरी मीठी बोली
तेरी अच्छी गाने
मन को खुशी देती
सुबह सुबह सुनकर
जगे सारी दुनिया

सप्ता टि
8 B



# അവൾ

കളിച്ചു നടന്നിരുന്ന തന്റെ
ബാല്യകാലത്തിൽ നിന്നും വളരുക -
യാണവൾ കൗമാരത്തിലേക്ക്
സ്വതന്ത്ര്യയായ് കുറച്ചുനാൾ ജീവിക്കുന്നതിന്
മുന്നേ അവൾ മറ്റൊരു പുരുഷന്
സ്വന്തമായി...............

എത്രയേറെ മോഹങ്ങൾ താഴിട്ട്
പൂട്ടി അവൾ ഓരോ ദിനങ്ങളും
കഴിച്ചുകൂട്ടി തന്റെ മോഹങ്ങളെല്ലാം
മാറ്റിവച്ച് അവൾ മറ്റുള്ളവരെ
സന്തോഷഭരിതരാക്കി.

സ്വന്തം കുടുംബത്തിനു വേണ്ടി അവൾ
ജീവിച്ചു.
ഇതൊന്നുമായിരിക്കരുത്
ഒരുപെണ്ണിന്റെ ജീവിതം
പെണ്ണിന്റെ കരുത്ത് നമ്മൾ
പ്രപഞ്ചത്തിന് കാട്ടിക്കൊടുക്കണം.

ഒരുപുരുഷനെ പ്പോലെ തന്നെ
പെണ്ണിനും വേണം അവൾ
മോഹിക്കുന്ന ഒരു ജീവിതം
പെണ്ണ് ഇനിയും വളരണം
ഒരുപാട്...................



ഹിബ ഫാത്തിമ കെ.കെ
VIII A




സ്കൂൾ ബെൽ അടിച്ചു. മൂന്ന് ബെല്ലിൽ രണ്ടാമത്തെ ബെല്ലിൽ തന്നെ അവരവരുടെ ബാഗ് എടുത്ത് എല്ലാവരും പുറത്തിറങ്ങി. സ്കൂളിൽ നിന്ന് ഞാൻ പുറത്തിറങ്ങി. സ്കൂൾ ബസ് പുറപ്പെട്ടിരുന്നു. ഞാൻ കയറാൻ സ്വൽപ്പം താമസിച്ചു. ഞാൻ സീറ്റിൽ കയറി ഇരുന്നു. ”ഡ്രൈവറെ ഇന്ന് അങ്ങാടിയിലെ കുട്ടി ഇല്ല കേട്ടോ .” ഒരു കുട്ടി ഡ്രൈവറോട് സൂചിപ്പിച്ചു. സ്കൂൾ തുറന്ന് കുറച്ച് നാളെ ആയുള്ളൂ. ഇന്ന് ഡ്രൈവർ പതിവ് രീതിയിലല്ല ബസ്സിന്റെ നിയന്ത്രണം വിട്ടത്. ഒരു പക്ഷെ അങ്ങാടിയിലെ കുട്ടിയില്ലാത്തത് കൊണ്ടാവാം ഇന്ന് പുതുവഴിയിലൂടെയാണ് ഞങ്ങൾ യാത്ര തുടർന്നത്. കുന്നുകേറി, കാടിറങ്ങി, വയലിൻ തോടിൻ അരികിലൂടെ.. ഞാൻ സൈഡ് സീറ്റിലാണ് ഇരുന്നത്. കാറ്റ് എന്നെ തഴുകി. ആ മൃദുല കൈകൾ എന്നെ സ്പർശിച്ചു. ഞാൻ ഒന്ന് മയങ്ങി. പക്ഷെ ആ മയക്കം അധികനേരം നീണ്ടുനിന്നില്ല. ഡ്രൈവർ കുറുക്കു വഴികളിലൂടെയാണ് സഞ്ചരിച്ചത്. കുണ്ടും കുഴിയും ഉള്ള വഴികളിലൂടെ..... അവിടെ എത്തിയപ്പോൾ ബസ് തന്നെ എന്നെ എഴുന്നേൽപ്പിച്ചു. പെട്ടെന്നൊരു ഞെട്ടലായിരുന്നു. തല ചെറുതായി സീറ്റിന്റെ പിടിയിൽ മുട്ടിയുരുമ്മി. ഭാഗ്യത്തിന് ആരും കണ്ടില്ല. ഞാൻ വേദന പ്രകടിപ്പിക്കാതിരുന്നു. പുറത്തേക്ക് നോക്കിയപ്പോൾ മരങ്ങളാലും ചെറുചെടികളാലും നിറഞ്ഞ ഒരു കുന്നിൻ ചെരിവ് സ്ഥലം. അവിടവിടെ മാത്രമേ വീടുകളുള്ളൂ...അപ്പോളും മയക്കത്തിന്റെ മന്ദസ്മിതം എന്നെ കൈവിട്ടില്ല... പെട്ടെന്ന് നോക്കിയപ്പോൾ ഒരു വീട് എന്റെ കണ്ണിൽ പ്രത്യക്ഷപ്പെട്ടു.. ഓടിട്ട പഴയവീട്. മുറ്റത്തും പറമ്പിലും ഒക്കെ ആകെ പുല്ലുകളാലും കാടുകളാലും നിറഞ്ഞിരിക്കുന്നു. എനിക്ക് ആ വീട് ഏറെ ഇഷ്ടപെട്ടു.

അതൊരു കുന്നായിരുന്നു. അതുകൊണ്ട് തന്നെ വണ്ടി മെല്ലയെ പോകുന്നുള്ളൂ. അതുകൊണ്ട് എനിക്ക് ആ വീടിന്റെ സവിശേഷതകൾ ചോർത്തെടുക്കാൻ പറ്റി. മുറ്റത്ത് വെറിയ ഗ്രില്ലിന്റെ വാതിലുണ്ട്. ആ വാതിൽ പൂട്ടിയിട്ടൊന്നുമില്ല. അത് ശ്രദ്ധിച്ചപ്പോഴാണ് എനിക്ക് മറ്റൊരു കാര്യം മനസ്സിലാക്കാൻ പറ്റിയത്. ”ഗോകുലം”... ആ വീടിന്റെ പേര് ഗോകുലം എന്നായിരുന്നു. ആ വീടിന്റെ ജനാല ചെറുതായി പൊട്ടിയിട്ടുണ്ട്. കല്ല് എറിഞ്ഞത് പോലെ

വൃത്താകൃതിയിൽ.
ഇത്രയേ എനിക്ക് ആ വീടിൽ നിന്നും മനസ്സിലാക്കാൻ പറ്റിയുള്ളൂ.. വണ്ടി ആ കുന്നു കയറി വേഗത്തിൽ പാഞ്ഞു. പക്ഷെ ആ വീട് എന്റെ മനസ്സിൽ കുടിയിരുന്നു എന്റെ മനസ്സിൽ നിന്ന് മായുന്നില്ല. ഒരു പക്ഷെ, അത് എനിക്ക് പ്രിയങ്കരമായ ഓടിട്ട വീടായത് കൊണ്ടാവാം. പക്ഷെ അത് അല്ല എന്ന് എനിക്ക് തോന്നുന്നു.

എന്റെ വീടിന്റെ സ്ഥലത്ത് എത്തി. ഞാൻ ഇറങ്ങാറായി. ഇന്ന് ഞാൻ ആ വീടിന്റെ ചിന്തയിലായത് കൊണ്ട് കൂട്ടുകാരോടൊന്നും മിണ്ടാതെയും കൈകാണിച്ച് ബായ് പറയാതെയും ഞാൻ ബസിൽ നിന്ന് ഇറങ്ങി പ്രിയപ്പെട്ട എന്റെ കൂട്ടുകാരിയായ നന്ദയോടുപോലും ഞാൻ മിണ്ടാൻ മറന്നു. വീട്ടിലെത്തി ഞാൻ ചായ കുടിച്ചു, കുളിച്ചു, പഠിച്ചു, ചോറ് തിന്നു, ഉറങ്ങാൻ കിടന്നു. ഈ പ്രവർത്തനങ്ങളിൽ എല്ലാം "ഗോകുലം" എന്ന ആ വീട് എന്റെ മനസ്സിൽ ഉണ്ടായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ എന്നെ ഗോകുലം ഭയപ്പെടുത്തി കൊണ്ടിരുന്നു



പിറ്റേദിവസം ഞാൻ സ്കൂളിലെത്തി. ഞാൻ ആദ്യം തന്നെ അന്വേഷിച്ചത് അങ്ങാടിയിലെ ആ കുട്ടി ഇന്ന് സ്കൂളിൽ വന്നിരുന്നുവോ എന്നാണ്. കാരണം ഇന്ന് ആ കുട്ടി വന്നില്ലെങ്കിൽ ഇന്നും ഡ്രൈവർ ആ വഴിയിലൂടെയാണ് പോവുക. ആ കുട്ടിയെ അവിടെങ്ങും കണ്ടില്ല. അവൾ ഇന്ന് വന്നിട്ടുണ്ടാവില്ല. ഞാൻ ചെറു ഉത്സാഹത്തോടെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ,"എന്താടി നിനക്ക് ഇന്നലെ പറ്റിയത്?" ഞാൻ പെട്ടെന്ന് ഒന്ന് ഞെട്ടി. ഞാൻ തിരിഞ്ഞുനോക്കുമ്പോൾ നന്ദ. അവളാണ് എന്നോട് ചോദിച്ചത്. ഞാൻ പറഞ്ഞു, എടീ അതുപിന്നെ എന്റെ പറയാനുള്ള മടികണ്ട് അവൾ എന്നെ ക്ലാസിൽ കൊണ്ടുപോയി ഇരുത്തി. ക്ലാസിൽ ആരും വന്നുട്ടുണ്ടായില്ല. ഇനി "പറ എന്താകാര്യം ?" ഞാൻ അവളെകൊണ്ട് ആദ്യം സത്യം ഇടിപ്പിച്ചു. എന്നിട്ട് കാര്യം വിശദമാക്കി. ഇതെല്ലാം കേട്ടപ്പോൾ നന്ദയുടെ അഭിപ്രായവും ഞാൻ സംശയിച്ചതും ഏതാണ്ട് ഒരു പോലെയായിരുന്നു. അതൊരു ഓടിട്ട വിടായത് കൊണ്ട് നിനക്കിഷ്ടപ്പെട്ടു. അതാ നിന്റെ മനസിൽ നിന്ന് മായാത്തത് എന്ന്. അതൊന്നുമല്ല, അങ്ങനെയാണെങ്കിൽ എത്രയെത്ര വീടുകൾ ഞാൻ കണ്ടിട്ടുണ്ട്. പക്ഷെ

ഇത് മാത്രമെന്താ ഇങ്ങനെ? എനിക്ക് ആ വീട്ടിൽ പോകണം.. ഞാൻ പറഞ്ഞു. ഞാൻ അത് പറഞ്ഞപ്പോൾ അവൾ എന്നെ ഒരു നോട്ടം നോക്കി. എനിക്ക് പേടിയായി. "എടി നിനക്കെന്താ വട്ടാണോ? ഇതുവരെ കാണാത്ത പരിചയപ്പെടാത്ത ആ കാട് പോലത്തെ സ്ഥലത്ത് പോകുവാനോ? അതും നമ്മൾ രണ്ടുപേരും ഒറ്റയ്ക്ക്. അവിടെ പോയിട്ട് നിനക്കെന്താ വേണ്ടത്? വീട്ടിൽ വൈകിയെത്തിയാൽ പിന്നെ എന്നെ വിട്ടിൽ കയറ്റില്ല. നമ്മളെങ്ങനെ അവിടെ പോകും? ഞാനൊന്നുമില്ല. ഓരോ ഭ്രാന്തും കൊണ്ട് വന്നിരിക്കുന്നു." ഇതായിരുന്നു അവളുടെ മറുപടി. അത്രയും പറഞ്ഞു അവൾ ദേഷ്യത്തോടെ പുറത്തേക്ക് ഇറങ്ങിപ്പോയി. ഞാൻ നന്ദയോട് പിണങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ ഈ പറഞ്ഞതിലെല്ലാം അവൾക്ക് കുറ്റബോധം തോന്നിയിരുന്നു. അത് എനിക്ക് മനസ്സിലായി. എനിക്ക് വാശിയായി. ഞാൻ ഉച്ചഭക്ഷണം കഴിച്ചില്ല. അവൾ എന്റെ വിഷമം കണ്ട് എന്റെ അരികിൽ വന്നു. ഞാൻ അവളെ നോക്കിയില്ല. "ശരി പോകാം" അവൾ എന്നോട് പറഞ്ഞു. ഞാൻ ആകാംക്ഷയോടെ അവളെ നോക്കി.



"നമുക്ക് പോകാം ഇന്ന് 3.30 ന് അല്ലേ സ്കൂൾ വിടുന്നത്? 4 മണി ആകുമ്പോഴേക്കും നമുക്ക് തിരിച്ച് വിട്ടിൽ എത്താം, ഡ്രൈവറോട് പറഞ്ഞ് ആ വീടിന് തൊട്ടു മുമ്പുള്ള ബസ് സ്റ്റോപ്പിൽ ഇറക്കിത്തരാൻ പറയാം, പക്ഷെ തിരിച്ചുവരാൻ നിന്റെ കയ്യിൽ പൈസ വല്ലതും ഉണ്ടോ?" അവൾചോദിച്ചു. ഞാൻ ഉത്സാഹത്തോടെ ഉണ്ട്, അമ്മ തന്ന ബസ്സ് ഫീസ് ഉണ്ട്. അതുമതി നമുക്ക് തിരിച്ച് വരാൻ. ബസ്സ് ഫീസ് നാളെ എന്റെ ഭണ്ഡാരത്തിലെ പണം എടുത്ത് ടീച്ചർക്ക് കൊടുക്കാം. അവൾ ok പറഞ്ഞു. എനിക്ക് സന്തോഷമല്ല, പേടിയല്ല, ഉത്സാഹമല്ല, എന്നൊരു അവസ്ഥയായിരുന്നു. പെട്ടെന്ന് വൈകിട്ട് ആവാനും സ്കൂൾ ബെല്ലടിക്കാനും ഞാൻ കാത്തിരുന്നു. ഒടുവിൽ എന്റെ കാത്തിരിപ്പിന് ഒരു ഫലം ഉണ്ടായി. ഞങ്ങൾ പുറപ്പെട്ടു. ബസിൽ കയറി. ഞാൻ ഉറപ്പ് വരുത്താൻ വീണ്ടും ബസ് മുഴുവൻ അന്വേഷിച്ചു. അങ്ങാടിയിലെ കുട്ടി ഉണ്ടോ എന്ന്, അവൾ ഇല്ല. എനിക്ക്

കൂടുതൽ ആത്മവിശ്വാസമോ എന്തോ ലഭിച്ചു.

"ആ വീട് എത്താനായി. അതല്ലെ ആ വീട് എത്തുന്നതിന മുമ്പുള്ള സ്റ്റോപ്പ്. നമുക്ക് ഡ്രൈവറോട് പറയാം വാ." നന്ദപറഞ്ഞു. ഞങ്ങൾ ഡ്രൈവറോട് ആ ബസ്സ്റ്റോപ്പിൽ ബസ് നിർത്താൻ പറഞ്ഞു. ഡ്രൈവർ അന്വേഷിച്ചു. എന്നിട്ട് ഞങ്ങൾ എന്തൊക്കെയോ കള്ളം പറഞ്ഞ് ഡ്രൈവറെ അവിടെ നിർത്താൻ പറഞ്ഞു. ആദ്യം ഒന്നു മടിച്ചെങ്കിലും ഡ്രൈവർ സമ്മതിച്ചു. ഞങ്ങൾ വീടിന് മുന്നിലെത്തി.

മുറ്റത്ത് കയറുമ്പോഴേക്കും ആരോ എന്റെ ചുമലിൽ കൈവച്ച് കൊണ്ട് പറഞ്ഞു. "ഒടുവിൽ മോൾ വന്നു അല്ലെ" എനിക്ക് ഒന്നും മനസ്സിലാവുന്നില്ല. ഞാൻ തിരിഞ്ഞു നോക്കി. ഒരു അമ്മ, നിഷ്കളങ്കത തോന്നിക്കുന്ന മുഖം. വെള്ളയിൽ നീലപ്പൂക്കളുള്ള സാരി പുതച്ച് നെറ്റിയുടെയും തലയുടെയും ഭാഗത്തായ് ചെറിയ മുറിവ്. അലിവ് കൊണ്ടും സ്നേഹത്താലും തുളുമ്പുന്ന കണ്ണുകൾ. ആ നിമയാർന്ന കണ്ണുകൾ എന്നെനോക്കി ഞങ്ങളോട് പറഞ്ഞു. മകളെ നിങ്ങൾ ഈ വീട്ടിൽ കയറണം. ഈ ഗോകുലം എന്ന വീട്ടിനുള്ളിൽ നിന്നെ കാത്ത് ഒരു കുട്ടി ഇരിക്കുന്നുണ്ട്. അവൾക്ക് നിങ്ങൾ ഒരു അഭയം തേടിക്കൊടുക്കണം. നിങ്ങൾ രണ്ടുപേരും അവളെ കൈ വിടരുത്. അത്രമാത്രം... അത്രമാത്രം പറഞ്ഞ് ആ അമ്മ തിരിഞ്ഞു നടന്നു. മെല്ലെ മെല്ലെ ആ അമ്മ മാഞ്ഞു.

നന്ദ എന്നോട് പറഞ്ഞു എനിക്ക് നല്ലപേടിയുണ്ടെന്ന്. ഞാൻ പക്ഷെ അതൊന്നും ശ്രദ്ധിച്ചില്ല. എന്റെ ചിന്ത ഞങ്ങളെ കാത്ത് ഏത് കുട്ടിയാണ് ഇവിടെ ഉള്ളത്. ഞാൻ നന്ദയുടെ കൈപിടിച്ച് വീടിന്റെ കോലായിലേക്ക് കയറി. വാതിലിൽ മുട്ടാനായ് പോകുമ്പോഴേക്കും വാതിൽ ഞങ്ങൾ തൊട്ടപ്പോൾ തന്നെ തുറന്നുവന്നു. ഞങ്ങൾ അകത്ത് കയറി. വെറുതെ വലത്തോട്ട് നോക്കുമ്പോൾ ഒരു കുട്ടി. അവൾ ചുമരിന്റെ ഒരു മൂലയിലിരുന്നു. ഞങ്ങളെ കണ്ടപ്പോൾ അവളുടെ മുഖത്ത് സന്തോഷം തുളുമ്പി സങ്കടവും. ഞങ്ങൾ അവളുടെ അരികിൽ ചെന്നിരുന്നു.

"ഈ വീട്ടിൽ മോൾ ഒറ്റയ്ക്കാണോ?" ഞങ്ങൾ ചോദിച്ചു. അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് സ്റ്റെയർകേസിന്റെ അരികിലേക്ക് നോക്കി. ഞങ്ങൾ ആകെ സ്തംഭിച്ചു. ബോധം പോയി പോയില്ല എന്ന വിധം ആയിരുന്നു ഞങ്ങൾ രണ്ടുപേരും. തലയിൽ നിന്ന് രക്തം പുറത്ത് പോകുന്നു. നിലത്ത് ബോധം കെട്ട് കിടക്കുന്ന ഒരു മൃതദേഹം. ശരീരത്തെ ഇച്ചകൾ പൊതിയുന്നു. പുറത്ത് ഞങ്ങളോട് നേരത്തെ സംസാരിച്ച ആ അമ്മയാണെന്ന് ഞങ്ങൾക്ക് തോന്നുന്നു. അത് അവളുടെ അമ്മയാണെന്ന് ഞങ്ങൾക്ക് തോന്നി. ഞങ്ങൾ അവളെ സമാധാനിപ്പിച്ച് കാര്യങ്ങൾ തിരക്കി.

അവളുടെ അമ്മതന്നെയാണത്. സ്റ്റേയർകേസിൽ നിന്ന് അവളുടെ അമ്മതാഴെവീണു തലയടിച്ചു മരിച്ചു. ഒരു ആഴ്ച കഴിഞ്ഞു. അവൾ ഇതേവരെ ഒന്നും കഴിച്ചിട്ടില്ല. ഞാൻ ബാഗിൽ നിന്ന് വാട്ടർബോട്ടിലും എന്റെ കയ്യിൽ ആദ്യമേ ഉണ്ടായിരുന്ന ബിസ്കറ്റും

അവൾക്ക് നൽകി. അവൾ ആർത്തിയോടെ അത് കഴിക്കുന്നത് കണ്ട് എനിക്ക് വിഷമമായി. അവളെ ഞങ്ങൾ കൊണ്ടുപോയി ഒരു അനാഥാലയത്തിൽ കൊണ്ടാക്കി. ഞങ്ങൾ വെപ്രാളത്തിൽ തിരിച്ച് വീട്ടിലേക്ക് മടങ്ങി.

വീട്ടിലെത്തി. സമയമൊന്നും വൈകിയിട്ടില്ല. ഞാൻ കണ്ടതും നടന്നതും ഒന്നും ഭാവിക്കാതെ സന്തോഷം നടിച്ച് വീട്ടിൽ കയറി. പക്ഷെ മനസ്സ് മുഴുവൻ നിയന്ത്രണമില്ലാതെയായിരുന്നു. ഞാൻ കുളിച്ചിട്ട് അമ്മയോട് തലവേദനയുണ്ടെന്ന് പറഞ്ഞ് കിടക്കാനായി വന്നു. ഞാൻ കട്ടിലിൽ കിടന്നു. ഇന്ന് നടന്ന കാര്യങ്ങളെല്ലാം ചിന്തച്ചു.

ആ വീട്ടിൽ മരിച്ചുകിടക്കുന്ന അമ്മ തന്നെയാണ് ഞങ്ങളോട് വന്ന് സംസാരിച്ചത്. ആ അമ്മയുടെ ആത്മാവ് ഒരു ആഴ്ചയായ് ഭക്ഷണം കഴിക്കാത്ത സ്വന്തം മകൾക്ക് വേണ്ടിയാണ് എന്റെ മനസ്സിൽ ആവീടിന്റെ ചിന്ത ഉണർത്തിയതും അവിടെ പോകാൻ എന്നെ പ്രേരിപ്പിച്ചതും. ആ അമ്മ പാവം, എനിക്ക് എല്ലാം മനസ്സിലായി. ഞാൻ കണ്ണുകൾ അടച്ചു എന്റെ കണ്ണിൽ നിന്ന് കണ്ണുനീര് പുറത്ത് വന്നു. ഞാൻ മയങ്ങി.



സസ്മയ സി 8 C




Jwala N_9 C

# വിളക്ക്

പെണ്ണ് ഭാര്യയായ് അമ്മയായ് അമ്മമ്മയായ്
വീടിന് ഐശ്വര്യവും നീതന്നെ
വീടിൻ വിളക്കും നീതന്നെ
നിന്നിൻ മഹത്വം  ആകാശകടലോളം
നിന്നിൻ വർണ്ണങ്ങൾ തിരയോളം
നീണ്ടുകടക്കവേ
വാചകത്തിനപ്പുറവും നിൻമഹിമകൾ
അമ്മയാവാൻ നീ വേദനകടിച്ചമർത്തിയപ്പോഴും
നിൻ കുഞ്ഞിനെ കാണുവാൻ
കൺചിമ്മാൻ മറന്നവൾ
കുഞ്ഞിന്റെ സ്വരത്തോളം
നിൻ സന്തോഷമാം അമൃതം
നിൻ കടമകൾ നിർവഹണം
ജീവിക്കാൻ മറന്നവൾ മറ്റുസന്തോഷമാം
ഈ നിൻ സന്തോഷ മാക്കിയവൾ
ലോകത്തിനനുഭൂതി തൻകൈകളിലൊതുക്കി.
ജീവിതത്തിൽ പകർത്തിയവൾ
വിയർപ്പിൻ തുള്ളികൾ,
കടലോളമൊഴുക്കി ജീവിതത്തിൻ
പകർപ്പുകൾ കൈകളിൽ
ഒരുക്കിയവൾ !

ഫാത്തിമത്തുൽ ശിദ.പി  10-B



Shafna C.P. 9 A



# കെടാവിളക്ക്

അലാറം കേട്ടാണ് അവൾ ഉണർന്നത്. പ്രഭാത കൃത്യങ്ങളൊക്കെ കഴിഞ്ഞ് സ്കൂളിൽ പോകാൻ ഒരുങ്ങിയപ്പോൾ ആണ് അവൾക്ക് ആ കാര്യം ഓർമ്മ വന്നത്.

എട്ടാം ക്ലാസിൽ പഠിക്കുന്ന ഒരു മിടുക്കിയാണ് കഥാനായിക ഫെമി. പഠിപ്പിൽ മാത്രം ശ്രദ്ധ ചെലുത്തി അധികം കൂട്ടുകാരോടൊപ്പം കളിക്കാതെ കഴിയുന്നവളാണ് ഫെമി.

അങ്ങനെയിരിക്കെ ക്ലാസിൽ അഫ്രെ എന്ന കുട്ടി അധിക ദിവസവും ലീവായിരുന്നു. ടീച്ചർ വഴക്ക് പറഞ്ഞിരുന്നെങ്കിലും അഫ്രെ ആഴ്ചയിൽ രണ്ട് മൂന്ന് ദിവസം മാത്രമാണ് വന്നത്. ഇങ്ങനെ ആയതുകൊണ്ട് അവൾക്ക് പ്രത്യേകിച്ച് കൂട്ടുകാരികളൊന്നുമുണ്ടായില്ല. അവൾക്ക് നേരെ ധാരാളം പരിഹാസങ്ങൾ നിറഞ്ഞു.

അങ്ങനെ ഫെമി ഒരു തീരുമാനത്തിലെത്തി അഫ്രെയുമായി കൂട്ടുകൂടണം എന്നല്ല, ലീവ് ആകുന്ന കാരണം അറിയണം. അങ്ങനെ അവൾ വരുന്ന ഓരോ ദിവസവും അവളുമായി കൂടുതൽ അടുത്തു. അങ്ങനെ വിഷയം ചോദിച്ചു.

വളരെ മടിച്ചാണെങ്കിലും ഫെമി ധാരാളം തവണ ചോദിച്ചത് കൊണ്ട് ഉറ്റ സുഹൃത്ത് എന്ന നിലയിൽ അഫ്രെ പറഞ്ഞുതുടങ്ങി......

എന്റെ പ്രിയപ്പെട്ട ഉപ്പ ട്യൂമർ ബാധിച്ച് ഹോസ്പിറ്റലിൽ ചികിത്സയിലാണ്. ഉമ്മയാകട്ടെ ഇടയ്ക്കിടയ്ക്ക് തലകറക്കവും ക്ഷീണവുമായി കാണിച്ചപ്പോൾ സ്കാൻ ചെയ്യാൻ പറഞ്ഞു. അപ്പോഴാണ് അറിഞ്ഞത് ഉമ്മയ്ക്ക് ബ്ലഡ് ക്യാൻസർ പിടിപെട്ടിട്ടുണ്ട്. പിന്നെ വീട്ടിലുള്ളത് ഇത്താത്തയും ചെറിയ ഒരു മോളുമാണ് . ഒന്നര വയസ്സ് മാത്രം പ്രായമായ ആ മോൾ ഒന്നും അറിയാതെ തുള്ളിച്ചാടി കളിക്കുന്നു . അപ്പോൾ ഉപ്പയുടെ അടുത്തു പോകലും ഉമ്മയെ ചികിത്സിക്കലുമായി ഇത്താത്ത വളരെ വിഷമത്തിലാണ്. അതാണ് പല ദിവസും ഞാൻ ലീവ് ആകുന്നത്. ഇത്താത്ത ക്ലാസിന് വരാൻ നിർബന്ധിച്ചുവെങ്കിലും എനിക്ക് അവരെ ഒറ്റയ്ക്കാക്കി വരാൻ സാധിക്കുന്നില്ല. ഇതു കേട്ടതും ഫെമിയുടെ ഹൃദയം ഒന്ന് പിടച്ചു. കണ്ണുനീർ തുള്ളികൾ പേമാരിയായി പെയ്തിറങ്ങി.

അങ്ങനെ ഹെമി വീട്ടിരി പോയി . അധികം കഴിവില്ലാത്ത കുടുംബമായതിനാൽ ഫെമി വളരെ വിഷമത്തിലായി . അവൾ വിട്ടിൽ വന്നിട്ടും സാധാരണ ഉണ്ടാവാറുള്ള സന്തോഷമൊന്നും ഉണ്ടായിരുന്നില്ല. അങ്ങനെ ഇക്കാക്കയും അനിയനുമൊത്തുള്ള കളിയിൽ അവൾ

മറന്നു. എന്നാലും ഇടക്ക് ഓർമ്മ വന്നു. പിന്നെ അവൾ കിടക്കാനായി പോയി.....

പിറ്റേന്ന്അലാറം കേട്ടാണ് അവൾ ഉണർന്നത്. പ്രഭാത കൃത്യങ്ങളൊക്കെ കഴിഞ്ഞ് സ്കൂളിൽ പോകാൻ ഒരുങ്ങിയപ്പോഴാണ് അവൾക്ക് ആ കാര്യം ഓർമ്മവന്നത്. ഓർമ്മ വന്നതും അവളുടെ മുഖമാകെ മാറി. അവൾ ഉമ്മയുടെ അടുത്തേക്കോടി . എന്നിട്ട് ഉമ്മയോട് കാര്യങ്ങളെല്ലാം പറഞ്ഞു. ഇതു കേട്ടതും ഉമ്മയുടെ മുഖമാകെ മാറി. അങ്ങനെ അന്ന് അവൾ സ്കൂളിൽ പോയി. പിന്നെ ഉമ്മ ഉപ്പയോട് കാര്യങ്ങല്ലാം പറഞ്ഞു. ഒരാഴ്ചയ്ക്കകം ഉപ്പ ഒരു തുക അയച്ചിട്ട് അത് അഫ്രയെ ഏൽപ്പിക്കാൻ പറഞ്ഞു. അങ്ങനെ ആ തുക കൊണ്ട് ചികിത്സിക്കുകയും ഉമ്മയുടെ അസുഖം മാറുകയും ചെയ്തു. പിന്നെയാണ് ഫെമി ഉപ്പയുടെ വിഷയം പറഞ്ഞത് . ഇത് കേട്ടപ്പോൾ ഉമ്മയും ഉപ്പയും തങ്ങളുടെ കഴിവില്ലായ്മയിൽ വളരെ അധികം സങ്കടപ്പെട്ടു . വളരെ പാവപ്പെട്ട ഒരു കുടുംബമായിരുന്നു അത്.

അങ്ങനെ ഒരു രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഉപ്പ ബാംഗ്ലൂരിൽ നിന്ന് നാട്ടിലേക്ക് വന്നു. അപ്പോഴാണ് ഉമ്മ ഉപ്പയോട് അഫ്രയുടെ ഉപ്പയെകുറിച്ച് പറഞ്ഞത്. പിറ്റേന്ന് ഉപ്പ ഒരു സ്ഥലത്തേക്ക് പോകാനൊരുങ്ങി. എവിടെയാണെന്ന് ആരോടും പറഞ്ഞില്ല. അങ്ങനെ പോയി രണ്ടാഴ്ച കഴിഞ്ഞ് നാട്ടിൽ വന്നപ്പോൾ ഒരു കെട്ട് പൈസ ഫെമിയുടെ കൈയിൽ കൊടുത്തിട്ട് പറഞ്ഞു : മോളെ ഇത് അഫ്രയുടെ ഉപ്പാക്ക് കൊടുത്തിട്ട് ചികിത്സിക്കാൻ പറയണം അങ്ങനെ അത് കൊണ്ട് ചികിത്സിച്ച് ഉപ്പയുടെ അസുഖവും മാറി. പിന്നെ അഫ്രയുടെ ഉപ്പയുടെ മനസ്സിൽ ഒരാശയം എന്നെയും എന്റെ ഭാര്യയെയും ഇത്രയും വലിയ രോഗത്തിൽ നിന്ന് കരകയറ്റിയ ആ മഹാമനീഷികളെ ഒന്ന് സൽക്കരിക്കണം പ്രാർത്ഥനയോടെ അയക്കണം.

അങ്ങനെ അവരെ വിളിച്ചു. എല്ലാവരും അവിടെ എത്തി. ഭക്ഷണം വിളമ്പി. ഒന്നിച്ച് ഭക്ഷണം കഴിച്ച് പോകാനൊരുങ്ങുമ്പോൾ ഫെമിയുടെ ഉപ്പ കുഴഞ്ഞു വീണു. എല്ലാവരും ചേർന്ന് ഹോസ്പിറ്റലിൽ എത്തിച്ചപ്പോൾ ICU വിലേക്ക് മാറ്റി. കുറച്ച് കഴിഞ്ഞ് ഡോക്ടർ വന്ന് ചോദിച്ചു: ആണുങ്ങൾ ഉണ്ടോ? അങ്ങനെ അഫ്രയുടെ ഉപ്പ പോയി. കാര്യം കുറച്ച് അപകടത്തിലാണ് കാരണം.................

ഇവരുടെ രണ്ട് കിഡ്നിയും ഇല്ല അങ്ങനെ അഫ്രയുടെ ഉപ്പ ആരെയൊക്കെയോ വിളിച്ചു. ഒരു കൂട്ടുകാരന്റെ കിഡ്നി ദാനം ചെയ്തു. (കൂട്ടുകാരൻ മരിച്ചിട്ടുണ്ട്.)

അങ്ങനെ ഫെമിയുടെ ഉപ്പയ്ക്ക് സുഖം പ്രാപിച്ചപ്പോൾ അവർ എല്ലാം പോദിച്ചു. അപ്പോൾ അവർ പറഞ്ഞു. ഞാൻ രണ്ടാഴ്ച്ചത്തേക്ക് ലീവിന് നിൽക്കാതെ പോയത് എന്റെ കിഡ്നി വിൽക്കാനായിരുന്നു. എല്ലാവരും ഒരേ പോലെ കരഞ്ഞു. അങ്ങനെ വലിയ പ്രാർത്ഥനകളോടെ അവർ പിരിഞ്ഞു. ഈ സഹായം എപ്പോഴും ഒരു കെടാവിളക്ക് ആയി മനസ്സിൽ അവശേഷിച്ചു.

മർവ. വി VIII C




Ananya T 9 A



# मोर की विशेषता

मोर एक सुंदर और शर्मिला पक्षी है। दुनिया भर में मोर की 3 प्रजाति पाई जाती है, मोर का वैज्ञानिक नाम पावों क्रिस्टेट्स है। नीला मोर भारत, श्रीलंका और म्यांमार देश का राष्ट्रीय पक्षी है। जैसे जंगल का राजा शेर होता है वैसे ही पक्षियों का राजा मोर होता है इसलिय प्रकृति ने मोर के सिर पर ताज जैसो कलंगी लगाई। मोर के अद्भुत सुंदरता को देखते हुए भारत सरकार ने 26 जनवरी 1963 को इसे राष्ट्रीय पक्षी घोषित किया।



बरसात के मौसम में जब आसमान में काली घटा छाई रहती है उस समय वह अपने सुंदर पंख फैलाकर नाचता है ऐसे लगता है जैसे किसी कलाकार ने बेहद खूबसूरती से मोर के पंखों को सजाया है। मोर एक बड़ा पक्षी है जिसका वजन 4 से 6 किलो होता है। नर मोर के शरीर को लंबाई 200 सेमी से 215 सेमी तक होती है और ऊंचाई 50 सेमी होती है मादा मोरनी की लंबाई 95 सेमी होती है । नर मोर के पंख रंग-बिरंगे बहुत से कलर होते है जो बसंत ऋतु में अपने पंख फैलाकर नृत्य करता है तो हर कोई इसे देखकर आकर्षित हो ही जाता है। नर मोर और मादा मोर को पहचानना बहुत आसान नर के सिर पर बड़ी कलंगी होती है और मादा मोर के सिर पर छोटी कलंगी होती है। नए के शरीर की लंबाई काफी बड़ी होती है और इसके पुछ के पंख रंग- बिरंगे काफी बड़े होते हैं और सजावटी नरीके से पंखों का गुच्छा बना होता है। लेकिन मादा मोरनी के पंखों का गुच्छा नहीं होता।

देवनन्दा . सि
8B

# അജ്ഞാതവ്യക്തി

കല്ല്യാട്ട് തറവാട്ടിൽ ഒരു കടുംബസംഗമം നടക്കാൻ പോകുകയാണ് . സംഗമത്തിന് കുടുംബത്തിലെ എല്ലാവരും വരുന്നുണ്ട്. കുടുംബക്കാർ പലരും വിദേശത്താണ്. കുടുംബസംഗമത്തിനായിട്ടാണ് അവർ വന്നത് . അവർക്ക് അവരുടെ കുടുംബാംഗങ്ങളെ കാണാൻ അത്രയ്ക്ക് ആകാംഷയാണ്. ഞാനും അനുജനും തറവാട്ടിലേക്ക് വരാനുള്ള തിടുക്കത്തിലാണ്. മുത്തച്ഛനെയും മുത്തശ്ശിയേയും ഒരു നോക്ക് കാണാൻ എത്ര നാളായി കൊതിക്കുന്നു . നഗരത്തിലേക്ക് ചേക്കേറിയിട്ട് അവരുടെ ശബ്ദം മാത്രമാണ് കേട്ടത്. ചീറിപ്പായുന്ന ട്രെയിനിൽ കയറി അവരുടെ അടുത്ത് ചെല്ലാൻ കൊതിക്കുന്ന ഞങ്ങളുടെ മനസ്സ് ഒരു വെള്ളച്ചാട്ടം പോലെ ഒഴുകി തറവാട്ടിന്റെ അന്തരീക്ഷത്തിൽ ഒരു നിമിഷം കൊണ്ട് എത്തിയിരുന്നു. ഏതാണ്ട് എട്ടുമണിക്കൂർ യാത്രക്ക് ശേഷം ഞങ്ങൾ തറവാട്ടിൽ എത്തി. മുത്തശ്ശിയും മുത്തച്ഛനും ചിറ്റയും മറ്റ് പലരും ഞങ്ങളെ വരവേറ്റു.



പിന്നെപ്പോഴോ ഞാൻ ഉറങ്ങി . പിറ്റേന്ന് രാവിലെ ഉമ്മറത്ത് കട്ടൻ ചായ കുടിച്ചു കൊണ്ട് ഒരാൾ ഇരിക്കുന്നത് എന്റെ ശ്രദ്ധയിൽ പെട്ടു. അവസാനത്തെ അതിഥി അയാൾ ആയിരിക്കുമോ ? സംഗമത്തിന് ക്ഷണിച്ചവർ എല്ലാം വന്നു. പിന്നെ ഇദ്ദേഹമാണ് ബാക്കി. ഞാൻ ഒന്ന് ഒളിഞ്ഞ് നോക്കി . കാവി ലുങ്കിയും ഉടുത്ത് വട്ടകണ്ണടവച്ച് കൊണ്ട് പ്രഭാതപത്രം വായിക്കുകയാണ്. അയാളുടെ അടുത്ത് ചെന്ന് പേരോ ഒന്നും ചോദിക്കാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല. അമ്മയോട് ഞാൻ രഹസ്യമായി കാര്യം അന്വേഷിച്ചു. അമ്മ അത് എന്റെ അമ്മാവനാണെന്നു പറഞ്ഞു. ഇങ്ങനെ ഒരു അമ്മാവനുള്ള കാര്യം ഇതവരെ ആരും പറഞ്ഞത് ഞാൻ കേട്ടിട്ടില്ല. ചിറ്റയുടെ മകൾ അതായത് എന്റെ ചേച്ചിയോട് കാര്യം ചോദിച്ചപ്പോഴാണ് അമ്മാവൻ വലിയ സാഹിത്യകാരനും അങ്ങ് കാസർഗോഡാണ് വാസമെന്നും മനസ്സിലായത്. അമ്മാവന് പല പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ടത്രേ. ഒരു ശാന്തസ്വഭാവക്കാരനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ മുറിയിൽ ഒരുപാട്

പുസ്തകങ്ങളുണ്ടത്രേ. അറിയാത്ത ഇതുവരെ കണ്ടിട്ടില്ലാത്ത അതിഥിയെ ഞാൻ അന്ന് കണ്ടു. ഓരോരുത്തരും പെരുമാറുന്നരീതി വിചിത്രമായിരുന്നു. ഭാഷാശൈലികൾ പലതായിരുന്നു. അത് തിരുവനന്തപുരത്ത് നിന്ന് വന്ന ഞങ്ങളെ കുഴപ്പിച്ചു . ഞാൻ തറവാടിന്റെ ഉമ്മറപ്പടിയിൽ ഇരുന്ന് പുറത്തെ തെങ്ങിൻതോപ്പും വയലുമെല്ലാം ആസ്വദിച്ചു. വെള്ളനിറത്തിലുള്ള കൊക്കുകൾ പാറിനടക്കുന്ന ആ വയൽവരമ്പ് എന്റെ മനസ്സിൽ പതിഞ്ഞു. തറവാട്ടിൽ വന്ന പലരെയും പരിചയപ്പെട്ടു . പലപ്പോഴും അവിടെയുള്ളവർ 'അവൻ വന്നോ?', 'ഇല്ല', 'അവൻ വന്നില്ല', 'ഇന്ന് വരുമോ?' എന്നൊക്കെ ചോദിക്കുന്നു. 'അവൻ' ആരാണ്? തറവാട്ടിലെ മിടുക്കനായ ആ വ്യക്തിയെ ഒന്നു കാണണം. എവിടുന്നാണ് വരുന്നത്? എന്നുള്ള ചിന്തകൾ എന്റെ മനസ്സിലൂടെ കടന്നുപോയി. എല്ലാ കുടുംബങ്ങളും എത്തി. എന്നിട്ടും അയാൾ എന്താണ് വരാത്തത് എന്ന ചോദ്യം എന്റെ മനസിനെ ഉലച്ചു. രാത്രി എല്ലാവരും ഇരുന്ന് സംസാരിക്കുകയും പാട്ട് പാടുകയുമെല്ലാം എന്റെ മനസ്സിൽ ആ ചിന്ത തന്നെ ആയിരുന്നു. ആരാണ് അവൻ? രാത്രി മയക്കത്തിലെ സ്വപ്നത്തിൽ അയാളുടെ രൂപം വരയ്ക്കാനുള്ള ശ്രമം നടത്തിയെങ്കിലും അത് നടന്നില്ല. അവസാനത്തെ അയാൾ ആരായിരിക്കും?

തേജസി എസ്.ബി.
9 C

# जूही



## फूल

जूही फूलों  की सुगंधी है। रात में
जब जूही की कली फूल का रूप
धारण  करते है।

तब पूरी रात सुगंधी हो जाती है। जूही
बच्चों
की  प्यारी है। वे जूही की माला
से अपना बाल
अलंकृत करती है।

